# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.686      01.11.2011 ൽ മറുപടിക്ക്

## എൽ.പി. ജി. ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന് | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) വാഹനങ്ങളിൽ ഇന്ധനമായി എൽ.പി.ജി.ഉപയോഗിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകളെന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) കേന്ദ്ര മോട്ടോർ വാഹന ചട്ടം 115 ൽ വരുത്തിയ ഭേദഗതി പ്രകാരം വാഹനങ്ങളിൽ എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കാവുന്നതാണ്. കേന്ദ്ര മോട്ടോർ വാഹന ചട്ടം 115 സി ആയി ചില നിബന്ധനകൾ ഇതിനായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. വാഹനങ്ങളിൽ എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കുന്നതിനു എൽ.പി.ജി. കിറ്റ് നിർമ്മാതാക്കൾ കേന്ദ്ര മോട്ടോർ വാഹന ചട്ടം 126 ൽ പ്രതിപാദിക്കുന്ന ഏതെങ്കിലും ഒരു അംഗീകൃത ടെസ്റ്റിംഗ് ഏജൻസിയിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. അംഗീകൃത എൽ.പി.ജി.കിറ്റ് നിർമ്മാതാക്കൾ അനുമതിപത്രം നൽകിയ സ്ഥാപനത്തിനു മാത്രമേ വാഹനങ്ങളിൽ എൽ.പി.ജി. കിറ്റ് ഘടിപ്പിക്കുന്നതിനുള്ള അനുവാദം ഉള്ളൂ. ഈ അനുമതി പത്രം ലഭിച്ച സ്ഥാപനങ്ങൾ റിട്രോഫിറ്റ്മെന്റ് സെന്റർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ബന്ധപ്പെട്ട ആർ.ടി.ഒ.യെ സമീപിക്കേണ്ടതുണ്ട് . പരിശോധനകൾക്ക് ശേഷം ആർ.ടി.ഒ. ആണ് റിട്രോഫിറ്റ്മെന്റ് സെന്റർ സർട്ടിഫിക്കറ്റ് നൽകുക. ഈ സർട്ടിഫിക്കറ്റിന് ആയുഷ്കാല കാലാവധിയാണ് നൽകിയിട്ടുള്ളത്. ഇത്തരം സ്ഥാപനങ്ങൾ മോട്ടോർ വാഹന വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് വാഹനങ്ങളിൽ എൽ.പി.ജി. കിറ്റ് ഘടിപ്പിക്കേണ്ടതും ഇത് വാഹനത്തിന്റെ ആർ.സി.ബുക്കിൽ രേഖപ്പെടുത്തുന്നതിനായി നിർദ്ദിഷ്ട ഫീസടച്ച അപേക്ഷയോടൊപ്പം എൽ.പി.ജി.കിറ്റ് ഘടിപ്പിച്ച വാഹനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു മുമ്പാകെ ഹാജരാക്കേണ്ടതും വാഹനം പരിശോധിച്ച് ബോധ്യപ്പെട്ടതിനു ശേഷം എൽ.പി.ജി. കിറ്റ് ഘടിപ്പിച്ചതിന്റെ വിശദാംശങ്ങൾ ആർ.സി.ബുക്കിൽ രേഖപ്പെടുത്തി നൽകുന്നതുമാണ്. |

| | |
|---|---|
| (ബി) നിബന്ധനകൾ പാലിക്കാതെ എൽ.പി.ജി.ഇന്ധനം ഉപയോഗിക്കുന്ന വാഹനങ്ങൾ കണ്ടെത്താൻ സ്വീകരിച്ചുവരുന്ന നടപടിക്രമം വിശദമാക്കാമോ ; അത്തരം വാഹനങ്ങൾക്കെതിരെ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ; | (ബി) വാഹനങ്ങൾ പരിശോധനാ വേളയിൽ അനധികൃതമായി എൽ.പി.ജി. കിറ്റുകൾ ഘടിപ്പിച്ചിട്ടുള്ള വാഹനങ്ങൾക്കെതിരെയും വാഹനങ്ങളിൽ ഇന്ധനമായി പാചകവാതകം ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെയും നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി എല്ലാ ആർ.ടി.ഒ. / ജോയിന്റ് ആർ.ടി.ഒ.മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷം നിബന്ധനകൾ പാലിക്കാതെ പാചകവാതകം ഘടിപ്പിച്ച് സർവ്വീസ് നടത്തിയ 362 വാഹനങ്ങൾ പിടികൂടുകയും 1,48,500 രൂപ പിഴ അടപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ടാക്സി വാഹനങ്ങളിൽ എൽ.പി.ജി.ഉപയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; നിബന്ധനകൾ പാലിക്കാതെ എൽ.പി.ജി.ഇന്ധനം ഉപയോഗിക്കുന്നത് അപകടസാദ്ധ്യത വർദ്ധിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഇല്ല. നിബന്ധനകൾ പാലിക്കാതെ എൽ.പി.ജി. ഇന്ധനം ഉപയോഗിക്കുന്നത് അപകടസാധ്യത വർദ്ധിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) എൽ.പി.ജി.ഉപയോഗിക്കുന്ന വാഹനങ്ങളെ തിരിച്ചറിയാൻ വാഹനങ്ങളുടെ മുമ്പിലും പിറകിലും വ്യക്തമായി കാണത്തക്കവിധം അത് രേഖപ്പെടുത്താൻ നിഷ്കർഷിക്കുകയും, അനുപാലിക്കാത്തവയ്ക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുമോ ; | (ഡി) എൽ.പി.ജി. ഉപയോഗിക്കുന്ന വാഹനങ്ങളെ തിരിച്ചറിയാൻ വാഹനങ്ങളുടെ മുൻപിലും പിറകിലും നമ്പർ പ്ലേറ്റിന്റെ സമീപത്തോ, സേഫ്റ്റി ഗ്ലാസ്സിന്റെ ഇടതുവശത്തോ വ്യക്തമായി കാണത്തക്ക വിധം 80 m.m.x 80 m.m. വിസ്തൃതിയിൽ പച്ച നിറത്തിൽ ഐഡന്റിഫിക്കേഷൻ ലേബൽ രേഖപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കാത്തവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഇ) കഴിഞ്ഞവർഷം എൽ.പി.ജി.ഉപയോഗിച്ച എത്ര വാഹനങ്ങൾ അപകടത്തിൽപ്പെട്ടിട്ടുണ്ട് ; എത്രയെണ്ണം തീപിടിത്തത്തിൽ നശിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ? | (ഇ) അപകടത്തിൽപ്പെട്ട വാഹനത്തിൽ ഏത് ഇന്ധനമാണ് ഉപയോഗിക്കുന്നതെന്ന് രേഖപ്പെടുത്താറില്ലാത്തതിനാൽ എൽ.പി.ജി ഉപയോഗിച്ച എത്ര വാഹനങ്ങൾ അപകടത്തിൽ പെട്ടിട്ടുണ്ട് എന്ന കണക്ക് ലഭ്യമല്ല. എൽ.പി.ജി. ഉപയോഗിച്ചിരുന്ന വാഹനത്തിന് തീ പിടിച്ച് നശിച്ച ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് തൃശ്ശൂർ ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ ക്രൈം നം.430/2010 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ